പെറ്റമ്മ മറന്നാലും മറക്കാത്ത സ്നേഹമേ
ക്രൂശിതനായവനേ നീയെൻ ആശ്രയം
എല്ലാരും എന്നെ  പിരിഞ്ഞപ്പോൾ
ആലംബമില്ലാതലഞ്ഞപ്പോൾ
ഒറ്റക്കിരുന്നു കരഞ്ഞപ്പോൾ നീയെന്റെ
ആശ്വാസ ധാരയായി വന്നു
ഒറ്റക്കിരുന്നു കരഞ്ഞപ്പ്പോൾ
നീയെന്റെ
ആശ്വാസ ധാരയായി വന്നു
(പെറ്റമ്മ .....ആശ്രയം )
എൻ...പ്രിയരെല്ലാം എന്നെ വെറുത്തു
ആഴമേറും മുറിവുകളെന്നിൽ നൽകി
ഞാൻ...ചെയയാത്ത കുറ്റം ചുമത്തി
എൻ മനസ്സിൽ ഒരു പാട് വേദനയേകി
നൊബരത്താൽ എന്റെ ഉള്ളം പുകഞ്ഞു

നീറും നിരാശയിൽ തേങ്ങി

അപ്പോൾ നീ എന്റെ കാതിൽ പറഞ്ഞു

നിന്നെ ഞാൻ കൈവെടിയില്ല

അപ്പോൾ നീ എന്റെ കാതിൽ പറഞ്ഞു

നിന്നെ ഞാൻ കൈവെടിയില്ല

( പെറ്റമ്മ....ആശ്രയം )

നിൻ...വചനങ്ങളെത്രയോ സത്യം

ഈ ലോകത്തിൻ മായാവിലാസങ്ങൾ

വ്യർത്ഥം

ഞാൻ...നിന്നോട് ചേരട്ടെ നാഥാ

നീയാണല്ലോ എന്നെ മറക്കാത്ത

സ്നേഹം

തോരാത്ത കണ്ണീരു മായ്ക്കും യേശുവിൻ

കുരിശോടു ചേർന്നു ഞാൻ നിന്നു

അപ്പോളവനെന്നെ വാരിപ്പുണർന്നു

വാത്സല്യ ചുംബനമേകി

അപ്പോളവനെന്നെ വാരിപ്പുണർന്നു
വാത്സല്യ ചുംബനമേകി
(പെറ്റമ്മ....ആശ്വാസ ധാരയായി
വന്നു )
ആശ്വാസ ധാരയായി വന്നു.